# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2347 5.12.2018-ൽ മറുപടിക്ക്

## കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം

**ചോദ്യം**
ശ്രീ.അടൂർ പ്രകാശ്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് വിശദീകരിക്കുമോ; | (എ) & (ബി) | കോന്നിയിൽ വനം വകുപ്പിന്റെ ഉടമസ്ഥത യിലുള്ള കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിച്ചു വരുന്നത്. കെട്ടിടത്തിന്റെ രാസപരവും ഘടനാപരവുമായ സംരക്ഷണ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മ്യൂസിയത്തിന്റെ മറ്റു അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. മ്യൂസിയത്തിൽ പ്രദർശിപ്പി ക്കുന്നതിനുവേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്നതിനായി 2018 ഡിസംബർ 7,8,9 തീയതികളിൽ ബൃഹത്തായ ഒരു സർവ്വെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി നാളിതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | | |
| (സി) | വനം വകുപ്പിൽ നിന്നും കെട്ടിടങ്ങൾ കൈമാറി കിട്ടിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (സി) | കെട്ടിടങ്ങൾ വകുപ്പിന് കൈമാറിയിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം വനം വകുപ്പിൽ നിലനിർത്തിക്കൊണ്ടാണ് മ്യൂസിയം സജ്ജീകരിക്കുന്നത്. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകൾ ഏതെല്ലാം ഓഫീസിൽ പെന്റിംഗിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇതു സംബന്ധിച്ച ഫയലുകൾ പെന്റിംഗ് ഇല്ല |
| (ഇ) | നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി പൈതൃക മ്യൂസിയം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എത്രയും വേഗം മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ